# ചരിത്രം നൽകി
# പി. ഉമർ സാഹിബ് പിരിഞ്ഞു



**കണ്ണൂർ** പ്രാദേശിക ജമാഅത്തിന്റെ മുൻ അമീറും പൗരപ്രമുഖനുമായ പി. ഉമർ സാഹിബ് (79) ഇക്കഴിഞ്ഞ മെയ് 14-ന് നിര്യാതനായി. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകുമാറാകട്ടെ- ആമീൻ.

കണ്ണൂർ ജില്ലയിൽ ഹാജി സാഹിബിന്റെ കാലം മുതൽ ജമാഅത്തിന്റെ പ്രാരംഭ പ്രവർത്തനത്തിന്റെ ഓരോ നിശ്വാസത്തിലും വിയർപ്പൊഴുക്കിയ ഒരു വലിയ വ്യക്തിത്വമായിരുന്നു ഉമർ സാഹിബ്. അടിയന്തരാവസ്ഥയിലെ ജയിൽവാസമുൾപ്പെടെയുള്ള ത്യാഗം പ്രസ്ഥാനത്തിനുവേണ്ടി സമർപ്പിച്ചാണ് അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞത്.

ജമാഅത്തിന്റെ കണ്ണൂർ ജില്ലയുടെ ചരിത്രം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഓർമകളിൽനിന്ന് ശേഖരിച്ച അത്യപൂർവമായ അനുഭവങ്ങളിൽ ചിലത് മുമ്പ് പല ലേഖനങ്ങളിലും പരാമർശിച്ചിരുന്നു. ചരിത്രം പറയുമ്പോൾ ഒരു ഉപാധി അദ്ദേഹം അന്ന് മുന്നോട്ട് വെച്ചു. ജീവിച്ചിരിക്കുന്നവരെ വ്യക്തിപരമായി പുകഴ്ത്തുന്ന പരാമർശമല്ല, അവരുടെ അനുഭവങ്ങളെ പ്രസ്ഥാനത്തിന്റെ വർത്തമാന ഗമനത്തിന് ഊർജം പകരേണ്ട പൊതു അനുഭവങ്ങളായാണ് പ്രസിദ്ധീകരിക്കേണ്ടത് എന്നായിരുന്നു ഉപാധി. അതിനാൽ, മുഖസ്തുതി ആവുമെന്ന് കരുതി അന്ന് മാറ്റി വെച്ച ചില അനുഭവവിവരണങ്ങൾ പുതിയ തലമുറക്ക് പാഠമാകേണ്ടതിനും ഊർജമാകേണ്ടതിനും വേണ്ടി ഇവിടെ കുറിക്കാൻ നിർബന്ധിതനാവുകയാണ്.

കണ്ണൂരിലെ യാഥാസ്ഥിതിക കുടുംബമായ പുൽസാരകത്ത് തറവാട്ടിലെ തർക്കശാസ്ത്രക്കാരനായ ഒരു യുവാവായിരിക്കെ ഹാജി സാഹിബിന്റെ ക്ലാസ്സുകളിൽ ഉമർ സാഹിബ് പങ്കെടുത്തതും തർക്കിച്ച് ക്ലാസ് കലക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. അറക്കൽ രാജസ്വരൂപവും അറക്കൽ പാലസും അന്ന് ഒ.കെ മുഹമ്മദ് കുഞ്ഞിസാഹിബിനെപ്പോലുള്ള മുസ്‌ലിംലീഗിന്റെ തലമുതിർന്ന നേതാക്കളുടെ കേന്ദ്രമായിരിക്കെ സിറ്റിയിലെ ഈ രാഷ്ട്രീയ അന്തരീക്ഷത്തിൽ സ്വാഭാവികമായും ഉമർ സാഹിബും അൽപം മുസ്‌ലിംലീഗ് അനുഭാവിയായിരുന്നു. അതിനിടയിലാണ് സിറ്റി നാലുപുരക്ക് സമീപത്തെ മാടപ്പീടികയിൽ ഇടക്കിടെ ഹാജി സാഹിബിന്റെ ക്ലാസ് നടക്കുന്ന വിവരം ഉമർ സാഹിബ് അറിയുന്നത്. അദ്ദേഹം തർക്കിക്കാൻ വന്നു. പക്ഷേ, ഹാജി സാഹിബിന്റെ നിർമലമായ ശൈലിയും മൂർച്ചയേറിയ ആശയവും ഉമർ സാഹിബിനെ ആകർഷിച്ചു.

അറിഞ്ഞ കാര്യങ്ങൾ സുഹൃത്തുക്കളുമായി പങ്കു വെക്കുന്ന വാചാലത ഉമർ സാഹിബിന്റെ പ്രകൃതമാണ്. ഇപ്പോഴത്തെ കേന്ദ്രമന്ത്രി ഇ. അഹ്മദ് ഉൾപ്പെടെയുള്ള ഒരു വലിയ സുഹൃദ്‌വലയമുള്ള ഉമർ സാഹിബ് തന്റെ പരിചയവൃത്തങ്ങളുമായി അങ്ങനെ ആശയം പങ്കുവെച്ച് തുടങ്ങി. അവരെല്ലാം 'മൗദൂദി' മുദ്രകുത്തി ഉമർസാഹിബിനെ വാശിപിടിപ്പിച്ചു. രഹസ്യമായിരുന്ന ഹാജി സാഹിബിന്റെ യോഗങ്ങൾ ഇതോടെ നാട്ടിൽ പാട്ടായി. സിറ്റി ജുമാമസ്ജിദിൽ ജമാഅത്തെ ഇസ്‌ലാമിയെന്ന 'പിഴച്ച'പ്രസ്ഥാനത്തെ ആധികാരികമായി അവതരിപ്പിക്കാൻ വാമനപുരം മുസ്‌ലിയാർ തന്നെ വന്നു. അദ്ദേഹത്തിന്റെ പ്രഭാഷണത്തോടെ ആശയക്കുഴപ്പമായി. പക്ഷേ, വാമനപുരത്തിന്റെ സദസ്സിൽ എഴുന്നേറ്റു നിന്ന് ഉമർ സാഹിബ് തർക്ക വിഷയങ്ങൾക്ക് ചുട്ട മറുപടി നൽകിയത് പള്ളിയിൽ വലിയ ഒച്ചപ്പാടായി. പള്ളി മേൽനോട്ടക്കാരായ അറക്കൽ സ്വരൂപം ഉമർ സാഹിബിന് സംസാരിക്കാൻ ഒടുവിൽ അവസരം നൽകി. വാമനപുരത്തിന്റെ വാദങ്ങൾക്ക് അദ്ദേഹം അക്കമിട്ട് മറുപടി നിരത്തുകയായിരുന്നു.

ഹാജി സാഹിബിന്റെ എല്ലാ ചലനങ്ങളിലും കണ്ണൂരിൽ നിഴൽ പോലെ പിന്തുടർന്ന പടക്ക വ്യാപാരിയായ ഹസൻ കുഞ്ഞി സാഹിബിന് ഉമർ സാഹിബിനെപ്പോലുള്ള ചുരുക്കം പേരുടെ അനുഭാവി വൃത്തം വലിയ ആശ്വാസമാണ് പകർന്നത്. കണ്ണൂരിലെ ബോംബെ ഹോട്ടൽ മുറിയിലേക്ക് ഉമർ സാഹിബിനെപ്പോലുള്ള ചില അനുഭാവികളെ ക്ഷണിച്ചു യോഗങ്ങൾ സ്ഥിരമായി ആരംഭിച്ചു. അങ്ങനെ 1958-ൽ ബോംബെ ഹോട്ടൽ മുറിയിൽ വെച്ച് രൂപം കൊണ്ട ആദ്യത്തെ ഹംദർദ് ഹൽഖയുടെ നാസിമായി ഉമർ സാഹിബ് പുതിയ വെല്ലുവിളികളേറ്റെടുക്കുകയായിരുന്നു.

1960-കളിൽ മാടായിയിലും മറ്റും പ്രവർത്തനം കടുത്ത വെല്ലുവിളികൾക്ക് മുന്നിൽ നിൽക്കെ ജമാഅത്ത് അഖിലേന്ത്യാ അമീർ അബുല്ലൈസ് സാഹിബിന് കണ്ണൂരിൽ വേദിയൊരുങ്ങി. അതാവട്ടെ സുന്നി മദ്റസയുടെ കാംബജാർ പള്ളി അങ്കണത്തിലുള്ള കെട്ടിടത്തിലും. ഉമർ സാഹിബിന് അന്ന് പള്ളി കമ്മിറ്റിയിലുണ്ടായ സ്വീകാര്യതയുടെ ഫലമായിരുന്നു ഇത്. അറക്കൽ രാജാവ് ചേന്ദമംഗല്ലൂർ കോളേജ് വാർഷിക പരിപാടിയിൽ പങ്കെടുത്ത അനുഭവം ഉമർ സാഹിബ് വിവരിക്കുകയുണ്ടായി. അന്നത്തെ മേഖലാ നാസിം ഇസ്സുദ്ദീൻ മൗലവിയും, കെ.എൻ അബ്ദുല്ല മൗലവിയും ഒരു പരിപാടിയിൽ പങ്കെടുക്കാനെത്തിയ ദിവസം സിറ്റി ജുമാമസ്ജിദ് ഖത്വീബ് സ്വന്തം വീട്ടിൽ ഉച്ചഭക്ഷണമൊരുക്കി സൽക്കരിച്ചതും ഉമർ സാഹിബ് അനുസ്മരിക്കുകയുണ്ടായി.

അടിയന്തരാവസ്ഥ ഉമർ സാഹിബിന്റെ പ്രസ്ഥാന കൂറ് പരീക്ഷിക്കപ്പെട്ട നിർണായക ഘട്ടമായിരുന്നു. രോഗികളായവർക്ക് ജാമ്യം എഴുതിക്കൊടുത്ത് പുറത്തിറങ്ങാൻ അനുവാദം നൽകിയത് ഉമർ സാഹിബ് ഉപയോഗപ്പെടുത്തിയില്ല. ചുറ്റുപാടുകളിൽ നിന്നും അതിന് സമ്മർദമുണ്ടായി. പി. ഉമർ സാഹിബിന് പുറമെ വി.എൻ കുഞ്ഞഹമ്മദ് (തളിപ്പറമ്പ്),

സി.വി ഇബ്റാഹീം (വളപട്ടണം), സി. അബ്ദുർറഹ്മാൻ സാഹിബ് (തലശ്ശേരി) എന്നിവരാണ് കണ്ണൂർ ജില്ലയിൽ നിന്ന് അറസ്റ്റ് ചെയ്യപ്പെട്ടത്. ഉമർ സാഹിബിനെ അറസ്റ്റ് ചെയ്ത കണ്ണൂർ പോലീസ് ലോക്കപ്പിൽ അരക്കച്ച മാത്രമാണ് ധരിക്കാൻ അനുവദിച്ചത്. സി.വി ഇബ്റാഹീം സാഹിബ് അദ്ദേഹത്തിന്റെ ഉടുമുണ്ടിന്റെ ഒരു ഭാഗം കീറി ഉമർ സാഹിബിന്റെ നഗ്നത മറക്കാൻ നൽകി. 1975 ജൂലൈ നാലിന് അറസ്റ്റ് ചെയ്യപ്പെട്ട ഉമർ സാഹിബ് നാൽപത് ദിവസത്തോളം സെൻട്രൽ ജയിലിൽ കഴിഞ്ഞു.

തടവറ ജീവിതത്തിൽ ഉമർ സാഹിബിന്റെ സഹവാസം ശ്രദ്ധേയമായിരുന്നു. കമ്യൂണിസ്റ്റ് നേതാക്കളായ ചാത്തുണ്ണി മാസ്റ്റർ, സി. കണ്ണൻ, എ.വി കുഞ്ഞമ്പു എന്നിവരുമായി ഉമർ സാഹിബ് ജയിലിൽ വെച്ച് വലിയ ആശയ സംവാദമാണ് നടത്തിയത്. തടവറയിൽ അദ്ദേഹം എല്ലാ ദിവസവും ഓരോ വിഷയത്തെക്കുറിച്ച് ക്ലാസ് നടത്തുമായിരുന്നു. അന്നത്തെ കമ്യൂണിസ്റ്റ് വിദ്യാർഥി നേതാവെന്ന നിലയിൽ, ഇപ്പോഴത്തെ സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറിയായ പി. ശശിയും അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. ഉമർ സാഹിബുമായുള്ള തടവറയിലെ അനുഭവം പി. ശശി അനുസ്മരിക്കുന്നത് ഇങ്ങനെയാണ്: "അദ്ദേഹം തികഞ്ഞ ഈശ്വര വിശ്വാസിയായിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ അദ്ദേഹം കൂടെ കഴിഞ്ഞവരുമായി നിരന്തരം പങ്കു വെച്ചു. നല്ല സരസനായിരുന്നു. ജയിൽ വാസത്തിന് ശേഷവും സൗഹൃദം കാത്തുസൂക്ഷിക്കാൻ ശ്രമിച്ചു."

ജമാഅത്തിന്റെ വേദികളിൽ വടിവൊത്ത ഭാഷയിലും ശൈലിയിലും പ്രൗഢമായ ഖുർആൻ ക്ലാസ്സുകൾ ഉമർ സാഹിബ് എടുക്കുമായിരുന്നു. അദ്ദേഹം ഒരേ സമയം ഉന്നതരോടും സാധാരണക്കാരോടും സന്തുലിതമായി ഇടപഴകി. എത്ര ഗൗരവമുള്ള വിഷയം പറയുമ്പോഴും നിറഞ്ഞ് ചിരിക്കുന്ന പ്രകൃതം. നഗരത്തിലെ തന്റെ വ്യാപാര സ്ഥാപനമായ 'ഗിവ് ആന്റ് ടെയ്ക്' അതിന്റെ പേര് സൂചിപ്പിക്കുന്നതു പോലെ വ്യാപാരത്തോടൊപ്പം ആശയങ്ങൾ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന കേന്ദ്രമായിരുന്നു. വ്യാപാര കേന്ദ്രത്തിലെത്തുന്നവരുമായി നിരന്തരം അദ്ദേഹം പ്രസ്ഥാനത്തെക്കുറിച്ച് വാചാലനായി. കാംബജാർ പള്ളിയോട് തൊട്ടുരുമ്മി നിൽക്കുന്ന ഈ സ്ഥാപനം അങ്ങനെ ജമാഅത്തിന്റെ ആശയ പ്രചാരണ കേന്ദ്രം കൂടിയായി.

സാമ്പത്തിക മേഖലയിൽ അദ്ദേഹം കാണിച്ച അച്ചടക്കം പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. അടുക്കും ചിട്ടയുമില്ലാത്ത സാമ്പത്തിക ഇടപാടുകളോട് കടുത്ത വിയോജിപ്പാണ് അദ്ദേഹം പ്രകടിപ്പിച്ചത്. സ്രോതസ്സുകളില്ലാതെ വലിയ സാമ്പത്തിക ബാധ്യതകൾ അടിച്ചേൽപിക്കുന്ന സംരംഭങ്ങളെ എല്ലാ വേദിയിലും അദ്ദേഹം നിരുത്സാഹപ്പെടുത്തുകയോ കർക്കശമായ നിബന്ധനകൾ മുന്നോട്ടു വെക്കുകയോ ചെയ്തു. പ്രസ്ഥാന സ്ഥാപനങ്ങളുടെയും ട്രസ്റ്റുകളുടെയും കാര്യത്തിൽ അദ്ദേഹത്തിന്റെ ഈ നിലപാട് വലിയ അച്ചടക്കബോധമാണ് ഉണ്ടാക്കിയത്.

സമയമുള്ളപ്പോൾ വീട്ടിൽ വരണമെന്നും ചരിത്രത്തിൽനിന്ന് ചിലത് കൂടി പങ്കുവെക്കാനുണ്ടെന്നും അവസാന കൂടിക്കാഴ്ചയിൽ ഈ ലേഖകനോട് ഉമർ സാഹിബ് പറഞ്ഞിരുന്നു. പക്ഷേ, അങ്ങനെയൊരു സന്ദർശനം നടത്താൻ അല്ലാഹുവിന്റെ വിധിയുണ്ടായില്ല.

പുതിയ തലമുറക്ക് അനുകരിക്കാവുന്ന വ്യക്തിസാക്ഷ്യമാണ് ഉമർ സാഹിബിന്റേത്.

**സി.കെ.എ ജബ്ബാർ**